# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1241 — 12.03.15 ൽ - മറുപടിക്ക്

## ബി.പി.എൽ. കാരെ കണ്ടെത്തുന്നതിനുള്ള റാങ്കിംഗ് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻകാർഡിലെ ബി.പി.എൽ. കാരെ കണ്ടെത്തുന്നതിന് താലൂക്ക് തല റാങ്കിംഗ് നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; | (എ) സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് മുന്നോടി-യായി റേഷൻകാർഡുടമകളിൽ നിന്ന് മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിന് താലൂക്ക്തലത്തിൽ റാങ്കിംഗ് നടത്തുന്നത് സംബന്ധിച്ച് 02.02.15 ലെ സ.ഉ(കൈ) നം.3/15/ഭ.സി.സ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ റാങ്കിംഗ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (ബി) പൂരിപ്പിച്ച അപേക്ഷാഫാറങ്ങൾ പ്രത്യേകം സംഘടിപ്പിക്കുന്ന ഫോട്ടോ ക്യാമ്പുകളിലൂടെ കാർഡുടമകളിൽ നിന്ന് സ്വീകരിക്കുന്ന നടപടികളാണ് നടന്നുവരുന്നത്. ടി അപേക്ഷാ ഫാറങ്ങളിലെ വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിക്കഴിഞ്ഞ് പരിശോധനയ്ക്കു ശേഷം റാങ്കിംഗ് നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ